നം. വൈ 2/50000(എ)/16/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 12.08.2016.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും**

സർ,

വിഷയം :- പൊ.വി. - **അധ്യാപക ദിനാഘോഷം - 2016 സെപ്റ്റംബർ 5- ജില്ലാതല പരിപാടികൾ - ചുമതലകൾ നൽകുന്നത് - സംബന്ധിച്ച്.**

സൂചന :- അധ്യാപക ദിനാഘോഷം 2016 സെപ്തംബർ 5.

ഈ വർഷത്തെ അധ്യാപകദിന സംസ്ഥാനതല ആഘോഷം തിരുവനന്തപുരം ഗവൺമെന്റ് മണക്കാട് എച്ച്.എസ്.എസ്, എച്ച്.എസ്. അട്ടക്കുളങ്ങര എന്നിവിടങ്ങളിലായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ അധ്യാപക ദിനാഘോഷം ജില്ലാ തലത്തിലും സ്കൂൾതലത്തിലും സമുചിതമായി നടത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നടത്തേണ്ട പ്രവർത്തന ങ്ങൾക്ക് താഴെ പറയും പ്രകാരം നിർദ്ദേശം നൽകുന്നു.

എല്ലാ ജില്ലകളിലും ജില്ലാതല ആഘോഷങ്ങൾ സംഘടിപ്പിക്കേണ്ടതും ഇതിന്റെ ഭാഗമായി കുട്ടികളുടെ കലാപരിപാടികൾ, മുൻകാല അധ്യാപകരെ ആദരിക്കൽ, മുൻകാല അധ്യാപക അവാർഡ് ജേതാക്കൾ, മുൻകാല അധ്യാപകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ കുട്ടികൾക്ക് ക്ലാസ്സ് എടുക്കൽ എന്നീ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. അതോടൊപ്പം തന്നെ എല്ലാ സ്കൂളുകളിലും ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികളും വിദ്യാഭ്യാസ ആഫീസർമാർ സ്വീകരിക്കേണ്ടതാണ്. സ്കൂൾ പ്രധാനാധ്യാപകർ, ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ, ഡയറ്റ് ഫാക്കൽറ്റിമാർ, സ്റ്റാഫ് കൗൺസിൽ, എസ്.ആർ.ജി അംഗങ്ങൾ എന്നിവരുടെ സഹകരണവും ഇക്കാര്യത്തിൽ ഉറപ്പുവരുത്തേണ്ടതാണ്.

**ജില്ലാതല പരിപാടികൾ** - ചുമതല :
അതാത്ജില്ലയിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക്

**വിദ്യാലയതലം** - ചുമതല : പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ
സെപ്റ്റംബർ 5 തിങ്കൾ

**സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും** (വിദ്യാലയം ഒരു യൂണിറ്റായി എടുത്ത്)

| | | |
|---|---|---|
| കാലത്ത് 10.15 | : | **അധ്യാപക സമാദരണം**<br>('ജീവിത ശൈലി' എന്ന വിഷയത്തിൽ ഒരു പഴയകാല അധ്യാപകൻ കുട്ടികൾക്ക് ക്ലാസ്സ് എടുത്തുകൊണ്ട്) |
| | : | **ഗുരുസംഗമം**<br>(വിദ്യാലയത്തിലെ പഴയകാല അധ്യാപകരുടെ സംഗമം) |
| | : | **കുട്ടികളുടെ ക്ലാസ്സ്**<br>(തെരഞ്ഞെടുക്കപ്പെട്ട ക്ലാസ്സുകളിൽ) |

## കലാപരിപാടികൾ

(അധ്യാപകദിനത്തിന്റെ പ്രസക്തി ഉൾക്കൊള്ളുന്ന തരത്തിലായിരിക്കും)

- ചിത്ര പ്രദർശനം
- കൊളാഷ് നിർമ്മാണം
- പോസ്റ്റർ രചന/ചിത്രരചന
- കവിതാലാപനം
- സംഘഗാനം

എല്ലാ സ്കൂളുകളിലും ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതു വഴി അധ്യാപക ദിനാഘോഷം സമ്പൂർണ്ണവിജയമാക്കി തീർക്കുന്നതിന് വിദ്യാഭ്യാസ ആഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

R. BABU
Public Relations Officer
Directorate of Public Instruction
Thiruvananthapuram- 14
Ph: 0471 - 2580506

പകർപ്പ് :

1. ഡയറക്ടർ, ഹയർ സെക്കണ്ടറി (അറിവിലേയ്ക്കായി)
2. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി (അറിവിലേയ്ക്കായി)
3. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
4. എല്ലാ സ്കൂൾ പ്രധാനാധ്യാപകർക്കും (വിദ്യാഭ്യാസ ആഫീസർ മുഖേന)
5. കരുതൽ ഫയൽ

പുറത്തെഴുത്ത് നം: ഡി6/17154/16 തീയതി: 23/8/16

ഇതിന്റെ പകർപ്പ് ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും ഹൈസ്കൂൾ പ്രധാനാധ്യാപകർക്കും അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു.

23/8/16

വിദ്യാ. ഉപഡയറക്ടർക്ക് വേണ്ടി